റിച്ചാർഡ് ബാൻഡ്‌ലറും ജോൺ ഗ്രൈൻഡറും എൻ.എൽ.പി (ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിംഗ്) അവതരിപ്പിച്ചപ്പോൾ അതിൽ സുപ്രധാനമായ ഒന്നായിരുന്നു 'മെറ്റാ മോഡൽ'. പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങൾ സാമാന്യവത്കരണത്തിലൂടെയും മായിച്ചുകളയലിലൂടെയും വ്യതിയാനം വരുത്തലിലൂടെയും കടന്നു പോകുന്നതിനാൽ അടിസ്ഥാന അനുഭവത്തിന്റെ നല്ലൊരു ഭാഗവും നഷ്ടമാകുന്നു.

അവശേഷിക്കുന്ന അനുഭവം മെന്റൽ മാപ്പ് (തലച്ചോറിലെ ചിത്രം) രൂപീകരിക്കുമ്പോൾ അത് പൂർണമായും വസ്തുതയാകണമെന്നില്ല. മെറ്റാ മോഡലുകളെ സാർവലൗകിക മോഡലുകൾ എന്നു കൂടി വിളിക്കാറുണ്ട്. കാരണം സാമാന്യവത്കരണവും മായിച്ചു കളയലും വ്യതിയാനം വരുത്തലും സാർവത്രിക സ്വഭാവമുള്ളതാണ്.

> പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങളുടെ ചെറിയ ഒരംശം മാത്രം സ്വീകരിച്ച് മറ്റുള്ളവയെല്ലാം മായിച്ചു കളയുന്ന പ്രക്രിയയാണിത്. ഒരു നിമിഷം ഇരുപതുലക്ഷത്തിലധികം വരുന്ന വിവരങ്ങൾ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്നു. നമുക്ക് ആവശ്യമുള്ള ആറോ ഏഴോ കാര്യങ്ങളിലേക്ക് അതിനെ ചുരുക്കി ബാക്കിയുള്ളവയെ മായിച്ചു കളയുവാൻ മനുഷ്യ മനസിനു കഴിയുന്നു



## സാമാന്യവത്കരണം

ചെറുപ്പത്തിൽ പശുവിനാൽ ആക്രമിക്കപ്പെട്ട ആൾ വലുതാകുമ്പോൾ എല്ലാ പശുക്കളും അപകടകാരികളാണ് എന്നു ചിന്തിച്ചാൽ അത് സാമാന്യവത്കരണമായി. ചെറുപ്പത്തിൽ കണ്ട ഭിക്ഷക്കാരന്റെ ഒപ്പം ഉണ്ടായിരുന്ന കുട്ടി അയാൾ തട്ടിയെടുത്ത കുട്ടിയാണെന്ന് ആരോ പറഞ്ഞു. ഇത് എല്ലാ ഭിക്ഷക്കാരെയും വെറുക്കുവാൻ കാരണമായി. ഇവിടെയും സാമാന്യവത്കരണം നടന്നു.

ഇത്തരം സാമാന്യവത്കരണം ചില പേടിയിലേക്കും ജീവിതപ്രശ്നങ്ങളിലേക്കും വ്യക്തിയെ നയിക്കാം. ഒപ്പം സാമാന്യവത്കരണത്തിന് അതിന്റേതായ ക്രിയാത്മക വശങ്ങളും ഉണ്ട്.

ഒരിക്കൽ ക്ലാസിൽ പഠിപ്പിച്ച ടീച്ചർ ആ ക്ലാസിലെ നല്ല ഓർമകൾ അയവിറക്കി അടുത്ത ഒരു പറ്റം കുട്ടികൾക്ക് ക്ലാസ് നൽകുവാൻ പോകുമ്പോൾ അത് ക്രിയാത്മകമായ സാമാന്യവത്കരണമായി.



## മായിച്ചു കളയൽ

പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവങ്ങളുടെ ചെറിയ ഒരംശം മാത്രം സ്വീകരിച്ച് മറ്റുള്ളവയെല്ലാം മായിച്ചുകളയുന്ന പ്രക്രിയയാണിത്. ഒരു നിമിഷം ഇരുപതുലക്ഷത്തിലധികം വരുന്ന വിവരങ്ങൾ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്നു. നമുക്ക് ആവശ്യമുള്ള ആറോ ഏഴോ കാര്യങ്ങളിലേക്ക് അതിനെ ചുരുക്കി ബാക്കിയുള്ളവയെ മായിച്ചു കളയുവാൻ മനുഷ്യ മനസിനു കഴിയുന്നു.

ക്രിയാത്മകവും അക്രിയാത്മകവുമായ വശങ്ങൾ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ചില കാര്യങ്ങൾ മായിച്ചു കളയപ്പെടേണ്ടത് അല്ലാത്തവ ആകാം. ഇതു ജീവിതവീക്ഷണവുമായി കൂടി ബന്ധപ്പെട്ടിരിക്കുന്നു. കഴിവുകൾ പ്രകടിപ്പിക്കുക എന്നത് അഹങ്കാരത്തിന്റെ ലക്ഷണമാണ് എന്ന ജീവിതവീക്ഷണമുള്ള ആൾ ആരെങ്കിലും കഴിവു പ്രകടിപ്പിച്ചാൽ അതു കാണുകയില്ല.

## വ്യതിയാനം വരുത്തൽ

വസ്തുക്കളെ തനിക്ക് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തുന്ന പ്രക്രിയയാണിത്. ഈ പ്രക്രിയയ്ക്കും രണ്ട് വശങ്ങളുണ്ട്. അക്രിയാത്മകമായ വസ്തുതയെ ക്രിയാത്മകമായ വ്യതിയാനം വരുത്തി ആരോഗ്യകരമായി ചിന്തിക്കുന്നത് ഒരു വശത്ത്. നേരെ മറിച്ചും സംഭവിക്കാം. രണ്ടുപേർ ഒരുമിച്ചിരുന്ന് സംസാരിക്കുമ്പോൾ അവർ തന്നെക്കുറിച്ച് അപവാദം പറയുകയാണ് എന്നു വിചാരിച്ചാൽ അത് അക്രിയാത്മകമായി മാറി.

മേൽ സൂചിപ്പിച്ച മൂന്ന് വസ്തുക്കളും മെറ്റാ മോഡലിന്റെ ഭാഗമാണ്. ഇത് ഭാഷാ ശാസ്ത്രം കൂടിയാണ്. മനുഷ്യൻ സ്വീകരിക്കുന്ന വിവരങ്ങൾ വാക്കുകളായി പ്രതിഫലിപ്പിക്കുന്നതിന്റെ ശാസ്ത്രം! ■